● കുന്നംകുളം പഴ ബസ് സ്റ്റാന്റിൽ പ്രവർത്തിക്കുന്ന നഗരസഭ സംഭാര വിതരണ കേന്ദ്രം.

ചുട്ടുപൊള്ളുന്ന വേനലിൽ തണുത്ത സംഭാരം നൽകി കുന്നംകുളം മാതൃക

കുന്നംകുളം: ചുട്ടുപൊള്ളുന്ന വേനലിൽ യാത്രക്കാർക്കും പൊതുജനങ്ങൾക്കും സൗജന്യമായി സംഭാരം വിതരണം ചെയ്ത് നഗരസഭ മാതൃകയാകുന്നു.

നഗരസഭയുടെ നേതൃത്വത്തിൽ മാർച്ച് 15 നാണ് കുന്നംകുളം പട്ടണത്തിലെത്തുന്ന ബസ് യാത്രക്കാർക്കും, പൊതുജനങ്ങൾക്കും സംഭാര വിതരണം ആരംഭിച്ചത്. നഗരസഭയുടെ കീഴിലുള്ള കുടുംബശ്രീ കാന്റീനിയ സുഭിക്ഷയാണ് സംഭാരം തയ്യാറാക്കുന്നത്. രാവിലെ 11 മുതൽ വൈകുന്നേരം മൂന്ന് വരെയാണ് സംഭാര വിതരണം നടക്കുന്നത്. പ്രതിദിനം 700 ലേറെ ആളുകൾക്ക് സംഭാരം നൽകുന്നുണ്ട്. നഗരത്തിലെത്തുന്നവർക്ക് ഇത് വലിയ ആശ്വാസമാണ്. മഴ ആരംഭിക്കുന്നതുവരെ ഇത് തുടരണമെന്നാണ് നഗരസഭ ആഗ്രഹിക്കുന്നത്. സംഭാര വിതരണ സ്റ്റാൾ നഗരസഭ ഭരണ സമിതി അംഗങ്ങൾ സന്ദർശിച്ചു.

ജനകീയ ഐക്യവേദി ജില്ലാ കൺവെൻഷൻ

കുന്നംകുളം: കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളജിൽ ജാതി അധിക്ഷേപവും ഓൺലൈൻ ലോൺ ആപ്പ് മാഫിയകളുടെ ഭീഷണിയെ തുടർന്നും മിഥുൻരാജ് മരിക്കാനിടയായ സംഭവത്തിൽ സ്വതന്ത്രവും നിഷ്പക്ഷവുമായ അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്നും സർഫാസി നിയമത്തിലൂടെ ബാങ്കുകൾക്ക് കിടപ്പാടം ജപ്തി ചെയ്യാൻ അനുവദിക്കരുതെന്നും ഓൺലൈൻ ആപ്പ് തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും ജനകീയ ഐക്യവേദി തൃശ്ശൂർ ജില്ലാ കൺവൻഷൻ ആവശ്യപ്പെട്ടു.

കുന്നംകുളത്ത് നടന്ന കൺവൻഷൻ നഗരസഭ വൈസ് ചെയർമാൻ പി ജി. ജയപ്രകാശ് ഉദ്ഘാടനം ചെയ്തു. ശശി നെട്ടിശ്ശേരി അധ്യക്ഷനായിരുന്നു. ഷൈജു ആലപ്പുഴ, കരീം പന്നിത്തടം, വി കെ. തമ്പി , ഷാജി ആലിക്കൽ, ഷിബു പൗലോസ്, ബീന ലിബിനി എന്നിവർ സംസാരിച്ചു.

തൃശ്ശൂർ ജില്ലാ ഭാരവാഹികളായി പ്രസിഡന്റ് വി.ജി. അനിൽ, വൈസ് പ്രസിഡന്റ് ബിജു ചിറയത്ത്, ജനറൽ സെക്രട്ടറി ഇസ്മയിൽ കൊടുങ്ങല്ലൂർ, സെക്രട്ടറിമാർ ശശി നെട്ടിശ്ശേരി, മറിയാമ്മ പ്രമോദ്, ആർ എസ്. ബിജോയ്, ട്രഷറർ മോഹിനി ഷാജൻ എന്നിവരെ യോഗം തെരഞ്ഞെടുത്തു.

അസ്യൂസ് എക്സ്പേർട്ട് ബുക്ക് അൾട്ര പുറത്തിറക്കി

തൃശൂർ: അസ്യൂസ് എഐ അധിഷ്ഠിത ഫ്ലാഗ്ഷിപ്പായ അസ്യൂസ് എക്സ്പേർട്ട് ബുക്ക് അൾട്ര പുറത്തിറക്കി.

അൾട്ര ലൈറ്റ് ഡിസൈൻ, എലൈറ്റ് കിംഗ് – എഡ്ജ് എഐ – പവേർഡ് പെർഫോമൻസ്, വിവിഡ് ഡിസ്പ്ലേ, ഇമ്മേഴ്സീവ് ഓഡിയോ, ഓൾ ഡേ ബാറ്ററി, അൾട്ടിമേറ്റ് ടൈപ്പിംഗ് അനുഭവം, സെഗ്മെന്റ് ലീഡിംഗ് മിലിറി ഗ്രേഡ് ഡ്യൂറബിലിറ്റി, എന്റർപ്രൈസ്–ഗ്രേഡ് സെക്യൂരിറ്റി, സൂപ്പർ പ്രീമിയം എന്റർപ്രൈസ് ഗ്രേഡ് സർവീസ് സപ്പോർ, സീംലെസ് എക്സ്പാൻഡബിലിറ്റി എന്നീ സവിശേഷതകളോട് കൂടിയുള്ള കോ കോ പൈലറ്റ് പിസിയാണ് അസ്യൂസ് എക്സ്പേർബുക്ക് അൾട്ര.

ഉൽപ്പം പുറത്തിറക്കിയതിന്റെ ഭാഗമായി 29 വരെയുള്ള പ്രീ–ഓർഡറിനൊപ്പം അസ്യൂസിന്റെ എക്സ്പേർട്ട് ബുക്ക് അൾട്ര ഉപഭോക്താക്കൾക്ക് അധിക പരിമിതകാല ആനുകൂല്യങ്ങളും നൽകുന്നുണ്ട്. 5 വർഷ ഓസൈറ്റ് വാറന്റി, 5 വർഷ ബാറ്ററി വാറന്റി, 12,190 രൂപ വിലമതിക്കു 5 വർഷ ഇൻഷുറൻസ് പരിരക്ഷ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

നികുതികൾ ഉൾപ്പെടെ 94, 990 രൂപ മുതൽ എക്സ്പേർട്ട് ബുക്ക് അൾട്ര ലഭ്യമാണ്. ഫ്ലിപ്കാർട്ടിൽ അസ്യൂസ് എക്സ്പേർട്ട് ബുക്ക് അൾട്രയുടെ പ്രീ–ഓർഡറുകൾ ആരംഭിച്ചിട്ടുണ്ട്.

ആൽത്തറ ഗോവിന്ദപുരം ക്ഷേത്രത്തിലെ ധ്വജ പ്രതിഷ്ഠ ഭക്തിസാന്ദ്രം

പുന്നയൂർക്കുളം: ആൽത്തറ ഗോവിന്ദപുരം മഹാവിഷ്ണു ക്ഷേത്രത്തിലെ ധ്വജ പ്രതിഷ്ഠ ഭക്തിസാന്ദ്രമായി.

ക്ഷേത്രം തന്ത്രി പൊതിയിൽ ചേന്നാസ് ഗിരീശൻ ഭട്ടതിരിപ്പാട് മുഖ്യ കാർമ്മികത്വം വഹിച്ചു. പുലർച്ചെ പുണ്യാഹവാചനത്തോടെ ചടങ്ങുകൾക്ക് തുടക്കമായി. ക്ഷേത്രപരിസരം ശുദ്ധീകരിച്ച് കലശപൂജകൾ നടന്നു. തുടർന്ന് തന്ത്രിയുടെ മുഖ്യകാർമ്മികതയിൽ ധ്വജസ്തംഭത്തിൽ പ്രതിഷ്ഠ നടത്തി. പഞ്ചലോഹ പറകൾ ചേർന്ന ധ്വജസ്തംഭമാണ് പ്രതിഷ്ഠിച്ചത്.

ധ്വജസ്തംഭ പ്രതിഷ്ഠയ്ക്കായി എട്ട് മാസം നീണ്ടുനിന്ന ആചാരങ്ങളും ഒരുക്കങ്ങളുമാണ് മുൻകൂട്ടി നടത്തിയത്. ശാസ്ത്രീയ വിധിപ്രകാരം തിരഞ്ഞെടുക്കപ്പെട്ട മരം മുറിക്കൽ ചടങ്ങോടെ തുടക്കം കുറിച്ചു. തുടർന്ന് ആ മരക്കമ്പം ശുദ്ധീകരണത്തിനും ശക്തിവർധനത്തിനുമായി പ്രത്യേക രീതിയിൽ എണ്ണത്തോണിയിൽ കിടത്തുന്ന കർമ്മങ്ങളും നടത്തി. ഈ ദീർഘകാല പ്രക്രിയയിലൂടെ ധ്വജസ്തംഭം പ്രതിഷ്ഠയ്ക്ക് യോജിച്ച രീതിയിൽ ഒരുക്കുകയായിരുന്നു.

● ആൽത്തറ ഗോവിന്ദപുരം മഹാവിഷ്ണു ക്ഷേത്രത്തിൽ തന്ത്രി പൊതിയിൽ ചേന്നാസ് ഗിരീശൻ ഭട്ടതിരിപ്പാടിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ധ്വജ പ്രതിഷ്ഠ.

ധ്വജ പ്രതിഷ്ഠക്ക് നേതൃത്വം നൽകിയ ചടങ്ങിൽ ആചര്യന്മാരെ ആദരിച്ചു. മുഖ്യ ഉപദേഷ്ടാവ് രാജഗോപാല മേനോൻ,പഞ്ചലോഹ ശിൽപ്പി സുരേഷ് മാന്നാർ,കൊടിമരം ശിൽപ്പി വിഷ്ണു ആചാരി, മാഹാസമർപ്പണം നടത്തിയവർ എന്നിവരെയാണ് ആദരിച്ചത്. ക്ഷേത്രത്തിലെ വൈശാക ഏകാദശി ഉത്സവത്തിന്റെ കൊടിയേറ്റവും നടന്നു.

പനമുക്കിൽ രാംദാസിന്റെ വീട്ടിൽ നിന്നും കൊടിക്കൂറ വരവേറ്റ്, വാദ്യമേള അകമ്പടിയോടെ കൊടിയേറ്റ് നടന്നു. ഞായറാഴ്ച ഉത്സവ ബലിയും, തിങ്കളാഴ്ച ഏകാദശി വലിയ വിളക്കും നടക്കും.

ചൊവ്വാഴ്ച ആറാട്ടോടെ ചടങ്ങുകൾ സമാപിക്കും. ചടങ്ങുകൾക്ക് ഭാരവാഹികളായ കെ. ബി. സുകുമാരൻ, ശ്യാം, മുരളി പോലിയത്ത്, എം.ജി. സുരേഷ്, സുരേഷ് മാംമ്പുള്ളി,ഹരി എഴുത്തുപുരക്കൽ നേതൃത്വം നൽകി.

● മർച്ചന്റ്സ് അസോസിയേഷൻ പുന്നയൂർക്കുളം യൂണിറ്റ് വാർഷികം ജില്ലാ പ്രസിഡന്റ് ണ്ട് കെ.വി അബ്ദുൾ ഹമീദ് ഉദ്ഘാടനം ചെയ്യുന്നു.

മർച്ചന്റ്സ് അസോസിയേഷൻ വാർഷികവും ജനപ്രതിനിധികൾക്ക് സ്വീകരണവും

പുന്നയൂർകുളം: മർച്ചന്റ്സ് അസോസിയേഷൻ പുന്നയൂർക്കുളം യൂണിറ്റ് വാർഷികവും ജനപ്രതിനിധികൾക്ക് സ്വീകരണവും ജില്ലാ പ്രസിഡന്റ് കെ.വി. അബ്ദുൾ ഹമീദ് ഉദ്ഘാടനം ചെയ്തു.

ജില്ലാ വൈസ് പ്രസിഡന്റ് ലൂക്കോസ് തലക്കോട്ടൂർ അധ്യക്ഷതവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ഹസ്സൻ തളികശ്ശേരി, പഞ്ചായത്ത് അംഗങ്ങളായ എ. ഡി. ധനീപ്, കെ.പി. ധർമ്മൻ, കെ.എച്ച്. ആബിദ്, മെമ്പർമാരായ ഷാജി തൃപ്പറ്റ്, ശോഭ പ്രേമൻ, ബുഷ്റ,എന്നിവർ പ്രസംഗിച്ചു.

മുണ്ടത്തികോട് വെടിക്കെട്ട് നിർമ്മാണ ശാല അപകടത്തിൽ മരണമടഞ്ഞവർക്ക് ആദരാഞ്ജലി അർപ്പിക്കുകയും, മരണമടഞ്ഞ മെമ്പർ മാർക്ക് അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു. കെ.എം. പ്രകാശൻ സ്വാഗതവും എം.വി. ജോസ് നന്ദിയുംപറഞ്ഞു. തുടർന്ന് നടന്ന വാർഷിക സമ്മേളനത്തിൽ നിയോജക മണ്ഡലം കൺവീനർ ജോജി തോമസ് വിവാഹ സഹായ നിധി വിതരണം ചെയ്തു, ലിയോൺ വഴപ്പുള്ളി, എ.കെ. ഉണ്ണികൃഷ്ണൻ, എം. മുഹമ്മതാലി, വി.ജി. ബാലകൃഷ്ണൻ, എ. മുഹമ്മതാലി,ജോഷി തോമസ് പ്രസംഗിച്ചു.

ഐ.കെ. സച്ചിദാനന്ദൻ വാർഷിക റിപ്പോർട്ടും വി. കെ. അബ്ദുൾ ഷുക്കൂർ കണക്കും അവതരിപ്പിച്ചു. ലൂക്കോസ് തലക്കോട്ടൂ രിനെ യൂണിറ്റ് പ്രസിഡന്റായും നിലവിലുള്ള ഭരണ സമിതിയെ തന്നെ യോഗം ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

ചാഴൂർ സെന്റ് മേരീസ് പള്ളിയിലെ സംയുക്ത തിരുനാളിന് കൊടിയേറി

അന്തിക്കാട്: ചാഴൂർ സെന്റ് മേരീസ് പള്ളിയിലെ ഇടവക മധ്യസ്ഥയായ പരിശുദ്ധ വേളാങ്കണ്ണി മാതാവിന്റെയും, വിശുദ്ധ. സെബസ്ത്യാനോസിന്റെയും, വിശുദ്ധ. അന്തോണീസിന്റെയും സംയുക്ത തിരുനാളിന് കൊടിയേറി.

പഴുവിൽ സെന്റ് ആന്റണീസ് ഫൊറോന പള്ളി വികാരി ഫാ. ജോബ് വടക്കൻ കൊടിയേറ്റം നടത്തി. മെയ് 1, 2, 3 തിയ്യതികളിലാണ് തിരുനാൾ. കൊടിയേറ്റത്തോടനുബന്ധിച്ച് ചാഴൂർ പള്ളിയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ മാർഗംകളി അവതരിപ്പിച്ചു.25 മുതൽ തിരുനാൾ ദിനം വരെ എല്ലാ ദിവസവും വൈകിട്ട് 6.30 ന് നവനാൾ കുർബാനകൾ ഉണ്ടാകും. ഇടവക വികാരി ഫാ. സിജോ കാട്ടൂക്കാരൻ, തിരുന്നാൾ ജനറൽ കൺവീനർ ടി.കെ. ജോയ്, കൈക്കാരന്മാരായ അരുൺ റപ്പായി, നിക്സൺ നീലങ്കാവിൽ, ലിക്സൺ കൈമം എന്നിവർ നേതൃത്വം നൽകി.

● ചാഴൂർ സെന്റ് മേരീസ് പള്ളിയിലെ സംയുക്ത തിരുനാളിന് പഴുവിൽ സെന്റ് ആന്റണീസ് ഫൊറോന പള്ളി വികാരി ഫാ. ജോബ് വടക്കൻ കൊടിയേറ്റം നിർവ്വഹിക്കുന്നു

പൂർവ അധ്യാപക-വിദ്യാർഥി സംഗമം

ചാലക്കുടി: കൊരട്ടി എം.എ. എം.എച്ച്.എസ്. സ്കൂളിലെ പൂർവ അധ്യാപക-വിദ്യാർഥി സംഗമമായ നെല്ലിമരത്തണലിൽ പരിപാടി

നാളെ ഉച്ചതിരിഞ്ഞ് 3ന് നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. കൊരട്ടി സെന്റ് മേരീസ് ഫൊറോന ദേവാലയത്തിന് കീഴിൽ 1945ൽ ആരംഭിച്ച ഈ വിദ്യാലയത്തിലെ ഇരുപതിനായിരത്തോളം പൂർവ വിദ്യാർഥികളും അധ്യാപകരും സംഗമത്തിൽ പങ്കെടുക്കും. മുൻ എം. എൽ.എ. ബി.ഡി. ദേവസി ഉദ്ഘാടനം ചെയ്യും. ഇ.എ. സത്യദാസ് അധ്യക്ഷനാകും. ഫാ. ജോൺസൺ കക്കട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തും. സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പൂർവ വിദ്യാർഥികൾ സംഗമത്തിൽ പങ്കെടുക്കും. തുടർന്ന് സ്കൂളിലെ വിദ്യാർഥികളുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾ സംഘടനയുടെ നേതൃത്വത്തിൽ ആവിഷ്കരിക്കുമെന്ന് വാർത്താ സമ്മേളനത്തിൽ പ്രധാന അധ്യാപിക സിനു കുര്യൻ, പ്രിൻസിപ്പൽ രതീഷ് ആർ. മേനോൻ, ഇ.എ. സത്യദാസ്, പി.ടി.എ. പ്രസിഡന്റ് സി.കെ. രാമദാസ് എന്നിവർ പരിപാടികൾ വിശദീകരിച്ചു.

CHANGE OF NAME

I, RIYAS.K.A, my son AAMIR AZEEM (holder of indian Passport No. W 0900028 issued at Cochin) residing at Kuriyappilly house, Karupadanna p.o, Thrissur, Pin-680670. Do here by changed my sons name as AAMIR AZEEM RIYAS as per aadhaar number 819490055407.

നഷ്ടപ്പെട്ടു

KL-64-G-6543 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന റിയിച്ച് ടി വാഹനത്തിന്റെ ഉടമസ്ഥനായ N Govindankutty, Deepam, Chalakkudy, എന്നയാൾ ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിരുന്നു. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം ആയത് ഈ ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്), ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ചാലക്കുടി.

CHANGE OF NAME

I, Devika Thandenkattil Suresh, holder of PPT No. Y3169749 Passport, residing at Ambadi Villa, Pazhanji P.O., Thrissur - 680542, Kerala, India, do hereby change my name to Devika.

RFCT LARR ACT 2013 (The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) - RFCT LARR Act 2013 – തൃശൂർ ജില്ലാ തലപ്പിള്ളി താലൂക്ക് – ഷൊർണൂർ ജംഗ്ഷൻ – വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കലിനായി സ്ഥലമെടുപ്പ് – സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട്. ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ: DCTSR/4744/2024-E4 തീയതി:22-01-2026 പ്രകാരം 7 അംഗങ്ങൾ അടങ്ങുന്ന വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. സമിതി അംഗങ്ങൾ സ്ഥലം സന്ദർശിക്കുകയും, യോഗം ചേരുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട്. പ്ലാനറ്റ് കേരള, വലിയവിള, തിരുമല പി ഒ,തിരുവനന്തപുരം നടത്തിയ സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, വിദഗ്ധ സമിതി അംഗങ്ങളുടെ യോഗം ചേരലിന്റെയും അടിസ്ഥാനത്തിലും, താഴെ പറയുന്ന തീരുമാനങ്ങളിൽ വിദഗ്ധ സമിതി എത്തി ചേർന്നിരിക്കുന്നു. കൃത്യമായും സുഗമമായും ഉള്ള ഗതാഗത സൗകര്യങ്ങൾ ഒരു പ്രദേശങ്ങളുടെ വികസനത്തിനു അഭിവാജ്യ ഘടകമാണ്. തൃശൂർ ജില്ലയിലെ നെടുമ്പുര, ചെറുതുരുത്തി എന്നീ വില്ലേജുകളിൽ ഷൊർണൂർ ജംഗ്ഷൻ വള്ളത്തോൾ നഗർ റെയിൽവേ പാത ഇരട്ടിപ്പിക്കൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്. അടിസ്ഥാന സാകര്യ വികസനങ്ങൾ എന്നും ഒരു സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക ഉയർച്ചയെ എന്നും സ്വാധീനിക്കുന്ന ഘടകങ്ങൾ ആണ്. അതിൽ റെയിൽവേ പാത വികസനവും, അനുബന്ധ വികസനങ്ങളും എന്നും മുൻനിരയിൽ തന്നെ കാണേണ്ട ഒന്നാണ്. ഷൊർണൂർ ജംഗ്ഷൻ വള്ളത്തോൾ നഗർ റെയിൽവേ പാത ഇരട്ടിപ്പിക്കലിനായി ഭൂമി ഏറ്റെടുക്കൽ പ്രസ്തുത പ്രദേശത്തിന്റെ സാമൂഹിക വികസനത്തിന്റെ അളവുകോലായി കാണേണ്ടി വരും. സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് പ്രകാരം വിവിധ സർവേ നമ്പറുകളിൽ നിന്ന് ഏകദേശം 3.7050 ഹെക്ടർ ഭൂമിയാണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുന്നത്. ചേലക്കര അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതും വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ ചെറുതുരുത്തി ടൗൺ (4) മേച്ചേരി (5) നമ്പുള്ളിപ്പറമ്പ് (11) ഇരട്ടക്കുളം (12) ചെട്ടിക്കൽ (14) എന്നീ വാർഡുകളിൽ ഉൾപ്പെടുന്നതുമായ പ്രദേശത്താണ് നിർദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് ഇത്തരത്തിൽ നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിയിൽ വ്യത്യസ്ത സർവേ നമ്പറുകളിലായി 18 എണ്ണം റോഡ്, സർക്കാർ/റെയിൽവേ/ പുറമ്പോക്ക് മുതലായ ഭൂമി ഉൾപ്പെടെ 188 വ്യക്തികളെ, കുടുംബംങ്ങളെ, സ്ഥാപനങ്ങളെ പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നു എന്ന് പഠന റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു (പേജ് നമ്പർ : 1) നിർദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിന് ഏറ്റെടുക്കേണ്ടി വരുന്ന ഭൂമി നെടുമ്പുര, ചെറുതുരുത്തി എന്നീ വില്ലേജുകളിലെ 43,44 എന്നീ ബ്ലോക്ക് നമ്പറുകളിലെ ആണ്വ്യത്യസ്ത സർവേ നമ്പറുകളിലായി (നെടുമ്പുര15 വ്യത്യസ്ത സർവേ നമ്പറുകളിൽ നിന്നു 0.0300 ഹെക്ടർ, ചെറുതുരുത്തി – 103 വ്യത്യസ്ത സർവേ നമ്പറുകളിൽ നിന്നു 3.6750 ഹെക്ടർ) അങ്ങിനെ ആകെ 3.7050 ഹെക്ടർ ആണ് ഏറ്റെടുക്കുന്നത്. ഷൊർണൂർ ജംഗ്ഷനും വള്ളത്തോൾ നഗറിനും ഇടയിലുള്ള സിംഗിൾ ട്രാക്ക് സെക്ഷനിലെ തിരക്ക് കുറയ്ക്കുന്നതിനായി മൂന്നാമത്തെയും സാധ്യതയുള്ള നാലാമത്തെയും റെയിൽവേ ലൈൻ കൂട്ടിച്ചേർക്കുന്നതാണ് നിർദിഷ്ട പദ്ധതി. തന്മൂലം ഈ പാതയുടെ ശേഷി വർധിക്കുകയും ട്രെയിനുകളുടെ സുഗമമായ സഞ്ചാരവും വേഗവും മെച്ചപ്പെടും എന്നതിൽ തർക്കമില്ല. ഈ റെയിൽവേ പാത വികസനത്തിനായി ഏറ്റെടുക്കുന്നത് റെയിൽവേ പാതകൾക്കു സമീപമുള്ള ഏറ്റവും അനുയോജ്യമായ ഭൂമി ആയതിനാലും പദ്ധതി പ്രദേശത്തു ലഭ്യമായ സർക്കാർ/റെയിൽവേ ഭൂമി പരമാവധി പ്രയോജനപ്പെടുത്തി ഉപയോഗിക്കുന്നതിനാലും ബദൽ സാധ്യതകൾ ഒന്നും തന്നെ നിർദിഷ്ട ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പരിഗണിക്കേണ്ടി വരുന്നില്ല. മതിയായ സൗകര്യങ്ങളോടെ ഈ റെയിൽവേ പാത വികസനം നടക്കുകയാണെങ്കിൽ ഈ പ്രദേശത്തു കൂടെയുള്ള ഗതാഗതം മെച്ചപ്പെടും എന്ന് മാത്രമല്ല ആ പ്രദേശത്തിന്റെ സമഗ്ര വികസനം നടക്കും എന്നതിലും തർക്കമില്ല. ആയതിനാൽ ഷൊർണൂർ ജംഗ്ഷൻ വള്ളത്തോൾ നഗർ റെയിൽവേ പാത ഇരട്ടിപ്പിക്കൽ ഒരു സാമൂഹിക ആവശ്യമാണെന്ന് സമിതിക്കു ബോധ്യപ്പെട്ടു. സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിശദമായി പഠിച്ചതിന്റെ അടിസ്ഥാനത്തിലും, സ്ഥല സന്ദർശനത്തിന്റെയും, സമിതി അംഗങ്ങളുടെ ചർച്ചകളിലൂടെയും താഴെ പറയുന്ന വസ്തുതകൾ വിദഗ്ധ സമിതിക്കു ബോധ്യപ്പെടുകയും അത് മേൽ നടപടികൾക്കായി ശുപാർശ ചെയ്യുകയും ചെയ്യുന്നു.

സമിതിയുടെ ശുപാർശകൾ

1. സുഗമമായ ഗതാഗതം എന്നത് ഏറ്റവും പരമ പ്രധാനമായ ഒരു സാമൂഹിക ആവശ്യം ആണ് എന്നുള്ളതും, ഈ റെയിൽവേ പാത വികസനപദ്ധതി പ്രദേശത്തിനും അനുബന്ധ പ്രദേശങ്ങൾക്കും വളരെയധികം പ്രയോജനപ്രദമാകും എന്നതിലും സംശയമില്ല. പദ്ധതിയുടെ ആനുകൂല്യങ്ങൾ നിരവധി ജനങ്ങളിലേക്ക് എത്തും എന്നുള്ളതിനാലും ഷൊർണൂർ ജംഗ്ഷൻ വള്ളത്തോൾ നഗർ റെയിൽവേ പാത വികസന പദ്ധതി നിർദിഷ്ട പ്രദേശത്തു വരുന്നതിന്റെ ഭാഗമായി സാമൂഹിക വികസനം നടക്കും എന്നതിലും തർക്കമില്ല. മേൽ പദ്ധതിക്കായി നിലവിലെ റെയിൽവേ പാതക്ക് സമീപമുള്ള ഏറ്റവും അനുയോജ്യമായ ഭൂമി ആണ് ഏറ്റെടുക്കുന്നത് അതോടൊപ്പം തന്നെ ഏറ്റവും നല്ല രീതിയിൽ സർക്കാർ/റെയിൽവേ ഭൂമി പരമാവധി പ്രയോജനപ്പെടുത്തികൊണ്ടുമാണ് ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ഇതര മാർഗങ്ങളൊന്നും പരിഗണിക്കേണ്ടതില്ല എന്ന് വിദഗ്ധ സമിതിക്കു പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും (പേജ് നമ്പർ : 4). സ്ഥല സന്ദർശനത്തിന്റെ അടിസ്ഥാനത്തിലും ബോധ്യപ്പെട്ടു ആയതിനാൽ ഏറ്റവും അനുയോജ്യമായ ഈ സ്ഥലം തന്നെ ഷൊർണൂർ ജംഗ്ഷൻ –വള്ളത്തോൾ നഗർ റെയിൽവേ പാത വികസനത്തിനായി ഏറ്റെടുത്തു, മേൽനടപടികൾക്കായി പരിഗണിക്കണം എന്നും ഈ സമിതി ശുപാർശ ചെയ്യുന്നു. 2. നിർമിതികളും വാസസ്ഥലങ്ങളും ഉള്ള ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്. പ്ലാനറ്റ് കേരള, വലിയവിള, തിരുമല പി ഒ, തിരുവനന്തപുരം നടത്തിയ സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് പ്രകാരം ഈ പദ്ധതിക്ക് വേണ്ടി വ്യത്യസ്ത സർവേ നമ്പറുകളിലായി 170 സ്വകാര്യ ഉടമസ്ഥരുടെ ഭൂമിയെ ബാധിക്കുന്നു. 73 എണ്ണം വീടുകൾ പൂർണമായും, 13 എണ്ണം വീടുകൾ ഭാഗികമായും 19 എണ്ണം ഷോപ്പ്/കെട്ടിടങ്ങൾ പൂർണമായും, 20 എണ്ണം കാർ ഷെഡ്, 69 എണ്ണം അതിർത്തി മതിൽ, 50 എണ്ണം കിണർ, 58 എണ്ണം സെപ്റ്റിക് ടാങ്ക്, 26 എണ്ണം കോൺക്രീറ്റ് ഫ്ലോർ എന്നിവയെ ബാധിക്കുന്നു എന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നു (പേജ് നമ്പർ : 6,7, പട്ടിക 1.6). ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് ന്യായമായ നഷ്ടപരിഹാരം നൽകണം എന്നുള്ളതും, ഏറ്റെടുക്കുന്ന ഭൂമിയിൽ അവർക്കു കായ് ഫലമുള്ള വൃക്ഷങ്ങൾ ഉണ്ടെങ്കിൽ, പദ്ധതിയാൽ അവർക്കു നഷ്ടപ്പെടുന്ന വൃക്ഷങ്ങളും അതിൽ നിന്ന് ലഭിക്കുന്ന വരുമാനങ്ങളും നഷ്ടപരിഹാരം കണക്കാക്കുമ്പോൾ കണക്കിൽ എടുക്കണം എന്നതും സമിതി ശുപാർശ ചെയ്യുന്നു. 3. ഭൂമി ഏറ്റെടുക്കൽ നടപടികളും നഷ്ടപരിഹാരം നൽകലും സമയ ബന്ധിതമായി നടപ്പാക്കണമെന്നും ശുപാർശ ചെയ്യുന്നു ഇതോടൊപ്പം തീരുമാനിച്ചു. 4. ഈ പദ്ധതി പ്രദേശത്തു പട്ടികജാതി പട്ടികവർഗ കോളനികൾ ഇല്ലാത്തത് കൊണ്ട് വളരെ വേഗത്തിൽ പ്രശ്നരഹിതമായി ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നാണ് വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ. 5. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയിൽ പുറമ്പോക്ക് ഇനത്തിൽ പെടുന്ന ഭൂമിയും ഏറ്റെടുക്കുന്നു എന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നു, പുറമ്പോക്കിൽ താമസിക്കുന്നവർക്ക് സ്പെഷ്യൽ പാക്കേജ് ഉൾപ്പെടെ സാധ്യമായ നഷ്ടപരിഹാരം നൽകേണ്ടതാണ് എന്ന് സമിതി ശുപാർശ ചെയ്യുന്നു. 6. ഭാഗികമായി പദ്ധതി ബാധിക്കപ്പെടുന്ന കെട്ടിടങ്ങൾ പദ്ധതിക്കായി പൊളിക്കേണ്ടി വരുമ്പോൾ ടി കെട്ടിടങ്ങളുടെ അവശേഷിക്കുന്ന ഭാഗങ്ങൾക്ക് ബലക്ഷയം ഉണ്ടാകുന്നുണ്ടോ എന്ന് വിലയിരുത്തി നഷ്ടപരിഹാരം നൽകേണ്ടതാണ് എന്നും വിദഗ്ദ്ധ സമിതിക്കു ബോധ്യപ്പെട്ടു. 7. ഭൂമി ഏറ്റെടുക്കാൻ അവസരത്തിൽ 138 പുരയിടങ്ങളിലായുള്ള തെങ്ങ്, മാവ്, പ്ലാവ്, തേക്ക്, കശുമാവ്, കുരുമുളക്, കമുക്, പുളിമരം, അയനി, വേപ്പ്, മുരിങ്ങ, വാഴ മുതലായ നഷ്ടമാകുന്ന കാർഷിക വിളകൾക്കും വൃക്ഷങ്ങൾക്കും അർഹമായ നഷ്ടപരിഹാരം ഭൂ വിലയോടൊപ്പം കണക്കാക്കി നൽകേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം മരങ്ങളുടെ നഷ്ടം മൂലം പരിസ്ഥിതിക്ക് വരുന്ന ആഘാതങ്ങൾ കണക്കാക്കി, പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി നഷ്ടപെടുന്ന മരങ്ങൾക്കു പകരം സമീപ പ്രദേശങ്ങളിൽ ഇരട്ടി മരങ്ങൾ വെച്ച് പിടിപ്പിക്കണം എന്നും സമിതി ശുപാർശ ചെയ്യുന്നു. 8. ആഘാത ബാധിതരിൽ ബഹു ഭൂരിപക്ഷവും വളരെ പരിമിതമായ ഭൂമി സ്വന്തമായുള്ളവരും അവിടെ വീട് വച്ച് താമസിക്കുന്നവരുമാണ്. ഈ റെയിൽവേ പാത വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുത്തു കഴിയുമ്പോൾ ബാക്കിയായി തുണ്ടു ഭൂമിയായി ഉപയോഗ യോഗ്യമല്ലാതാവുന്നതുമായ ഭൂമി കൂടി നിയമാനുസൃതമായി ഏറ്റെടുക്കാൻ സാധിക്കുന്നത് ഈ പദ്ധതിക്കായി ഏറ്റെടുക്കണം എന്ന് സമിതി ശുപാർശ ചെയ്യുന്നു. 9. പഠന റിപ്പോർട്ട് പ്രകാരം 21 പേരുടെ തൊഴിലിനെ നിർദിഷ്ട പദ്ധതി ബാധിക്കും എന്ന് പരാമർശിക്കുന്നു, നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയിലെ ഷോപ്പ്/കടമുറികൾ കാർഷിക വൃത്തി അനുബന്ധ ജോലികൾ ചെയ്യുന്നവർക്ക് തൊഴിൽ നഷ്ടമാവുന്നതിനാൽ തൊഴിൽ, വരുമാനം എന്നിവ പുനഃസൃഷ്ടിക്കാൻ പര്യാപ്തമായ നഷ്ടപരിഹാരം നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. 10. ഏറ്റെടുക്കുന്ന ഭൂമിയിൽ ആരാധനാലയങ്ങൾ ഉൾപെടാത്തതു കൊണ്ട് വളരെ വേഗത്തിൽ പ്രശ്നരഹിതമായി ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നാണ് വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തലും തീരുമാനവും. 11. ഈ റെയിൽവേ പാത വികസന പദ്ധതി ഘട്ടത്തിൽ ഉണ്ടാവാനിടയുള്ള മാലിന്യങ്ങൾ യഥാസമയം ശാസ്ത്രീയമായി നിർമാർജനം ചെയ്യാനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്യണം എന്നും സമിതി അഭിപ്രായപ്പെട്ടു. 12. ഷൊർണൂർ ജംഗ്ഷൻ വള്ളത്തോൾ നഗർ റെയിൽവേ പാത ഇരട്ടിപ്പിക്കൽ വികസന പദ്ധതി ഒരു പൊതു ആയ സാമൂഹികാവശ്യം ആണെന്നും, ഈ പദ്ധതിക്ക് പ്രാദേശികമായ വലിയ ഒരു പിന്തുണ ഉണ്ടെന്നും വിദഗ്ദ്ധ സമിതിക്ക് സ്ഥല സന്ദർശനത്തിന്റെ ഭാഗമായി ബോധ്യപ്പെടുകയുണ്ടായി, ആയതിനാൽ ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കാനുള്ള നടപടികൾക്ക് വേണ്ടി വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു. പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന സാമൂഹിക ചെലവുകളെയും സാമൂഹ്യ പ്രത്യാഘാതങ്ങളെയും അപേക്ഷിച്ചു വളരെ കൂടുതലാണെന്ന് വിദഗ്ദ്ധ സമിതിക്കു ബോധ്യപ്പെട്ടു. ആയതിനാൽ വിദഗ്ദ്ധ സമിതി RFCTLARR ACT 2013 ലെ ബന്ധപ്പെട്ട വകുപ്പുകളിലെയും ചട്ടങ്ങൾക്കും വിധേയമായി തൃശൂർ ജില്ലാ – തലപ്പിള്ളി താലൂക്ക് – ഷൊർണൂർ ജംഗ്ഷൻ വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കൽ- സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടു പ്ലാനറ്റ് കേരള, വലിയവിള, തിരുമല പി ഓ, തിരുവനന്തപുരം തയ്യാറാക്കിയ സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് അംഗീകരിക്കുകയും, വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണങ്ങൾ കൂടി പരിഗണിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

തൃശൂർ 19/02/2026 — വിദഗ്ദ്ധ സമിതിക്കു വേണ്ടി, ഒപ്പ് ഡോ. രമ്യ ആർ, (സമിതി ചെയർപേഴ്സൺ)

കേരള സർക്കാർ
സംഗ്രഹം

റവന്യൂ വകുപ്പ് – തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ഷൊർണൂർ ജംഗ്ഷൻ – വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള റെയിൽപ്പാത ഇരട്ടിപ്പിക്കലിന് 3.7050 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത് സാമൂഹ്യാഘാത പഠനം വിദഗ്ധ സമിതി ശുപാർശ 2013ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ബി) വകുപ്പ്

സ.ഉ.(കൈ) നം.128/2026/RD — തീയതി, തിരുവനന്തപുരം, 13-03-2026

പരാമർശം: 1. സ.ഉ.(അച്ചടി) നം.387/2025/റവ, തീയതി, 26.09.2025
2. തൃശ്ശൂർ ജില്ലാ കളക്ടറുടെ തീയതി രേഖപ്പെടുത്താത്ത 02.2026ലെ DCTSR/4744/2024-E4 നമ്പർ കത്ത്.

ഉത്തരവ്

1. തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി, നെടുമ്പുര വില്ലേജുകളിൽ നിന്നും 3.7050 ഹെക്ടർ ഭൂമി ഷൊർണൂർ ജംഗ്ഷൻ വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിനായി 2013–ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പ്ലാനറ്റ് കേരള, വലിയവിള, തിരുമല പി.ഒ, തിരുവനന്തപുരം എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയുണ്ടായി. 2013–ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 5 പ്രകാരം ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ ആവലാതികൾ കേൾക്കുന്നതിന് പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുള്ളതുമാണ്. 2013–ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 6 പ്രകാരം സാമൂഹ്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കുകയും, ഗവൺമെന്റ് വെബ് സൈറ്റിലും, ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിലും റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. 2013–ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 7 പ്രകാരം സാമൂഹ്യാഘാത പഠന വിലയിരുത്തുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ വിദഗ്ധ സമിതിയെ രൂപീകരിക്കുകയുണ്ടായി. 2. വിദഗ്ധ സമിതിയുടെ ശിപാർശ ലഭിച്ചുകഴിഞ്ഞാൽ 2013–ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ (1) (എ) മുതൽ (ഇ) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനു ഈ ശിപാർശയും സാമൂഹ്യാഘാത പഠന റിപ്പോർട്ടും ജില്ലാ കളക്ടർ പരിശോധിച്ച് ശിപാർശ സഹിതം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. ആയതുപ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ വിദഗ്ധ സമിതിയുടെ ശിപാർശ പരാമർശം (2) പ്രകാരം സമർപ്പിക്കുകയുണ്ടായി. 2013ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ (2) പ്രകാരം പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ആക്ടിലെ നിർദ്ദേശങ്ങൾ തൃപ്തികരമാകുന്ന പക്ഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരണമോ വേണ്ടയോ എന്ന കാര്യം സർക്കാരിന് തീരുമാനിക്കാവുന്നതാണ്. ഈ കേസിൽ വിദഗ്ധ സമിതിയും, തൃശ്ശൂർ ജില്ലാ കളക്ടറും ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകാൻ ശിപാർശ ചെയ്തിട്ടുള്ളതാണ്. 3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വിദഗ്ധ സമിതിയുടെ ശുപാർശ, സാമൂഹ്യാഘാത പഠന റിപ്പോർട്ട്, തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഷൊർണ്ണൂർ ജംഗ്ഷൻ വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള റെയിൽവേ ഇരട്ടിപ്പിക്കുന്നതിനു വേണ്ടി കണ്ടെത്തിയ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തി, നെടുമ്പുര വില്ലേജുകളിൽ ഉൾപ്പെട്ട 3.7050 ഹെക്ടർ ഭൂമിയിൽ നെൽവയൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ പരിവർത്തനം ചെയ്യാവൂ എന്ന വ്യവസ്ഥക്കു വിധേയമായി 2013ലെ എൽ.എ.ആർ.ആർ നിയമപ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്, അഡീഷണൽ സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം, 2. തൃശ്ശൂർ ജില്ലാ കളക്ടർ, 3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം, 4. വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്, 5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (REV-B1/196/2024-REV)

ഉത്തരവിൻ പ്രകാരം, ഒപ്പ്
സെക്ഷൻ ഓഫീസർ

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ / सेन्ट्रल बैंक ऑफ़ इंडिया / Central Bank of India

കൊച്ചി റീജിയണൽ ഓഫീസ്, മെട്രോ പാലസ്, നോർത്ത് റെയിൽവേ സ്റ്റേഷന് എതിർവശം, കൊച്ചി – 682018, Tel: 0484-2861205, Mob: 8891348314, E-mail: recvcochro@centralbank.co.in

അനുബന്ധം- II A (proviso റൂൾ 8(6) പ്രകാരം) സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ- ലേല വിൽപ്പന നോട്ടീസ്. ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ യഥാർത്ഥ കൈവശപ്പെടുത്തിട്ടുള്ളതാണെന്നും വായ്പക്കാരെ/ജാമ്യക്കാരെ /പൊതുജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. വായ്പക്കാരിൽ നിന്നും സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റു ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ **"ഇപ്പോൾ എവിടെയാണോ" "എങ്ങനെയാണോ" "എതൊക്കെയാണോ"** എന്നതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന തീയതിയിൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

ശാഖ: **പെരുമാനൂർ**, ഉസ്നാസ് ടവർ, ചർച്ച് ലാൻഡിംഗ് റോഡ്, മെഡിക്കൽ ട്രസ്റ്റ് ജംഗ്ഷന് സമീപം, പള്ളിമുക്ക്, കൊച്ചി, എറണാകുളം, പിൻ- 682016, Tel. 0484-2355472, Mobile: 8943336372, Email: bmcoch1292@centralbank.bank.in

വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: **M/s. വെബ്സ്റ്റർ ഇന്ത്യ സർജിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ്**, 10/66 A, വാപാലിശ്ശേരി, ജോസ്പുരം, അങ്കമാലി, എറണാകുളം- 683572, ഡയറക്ടർമാർ/ജാമ്യക്കാരായ (1) **ശ്രീ. ഗോവിന്ദ് രാജേഷ് മേനോൻ**, S/o ശ്രീ. രാജേഷ് മേനോൻ, ജയഗോവിന്ദം, കുറിച്ചിലക്കോട്, കോടനാട്, പിൻ- 683544 (2) **മിസ്. ഗോപിക രാജേഷ് മേനോൻ**, D/o ശ്രീ. രാജേഷ് മേനോൻ, ജയഗോവിന്ദം, കുറിച്ചിലക്കോട്, കോടനാട്, പിൻ- 683544, (3) **ശ്രീ. ലത്തീഫ് വി. എ**, വലിയകത്ത് ഹൗസ്, ശ്രീനാരായണ റോഡ്, കോതകുളം, വലപാട്, തൃശ്ശൂർ- 680567.

കുടിശ്ശിക തുക: 20.04.2026 ലെ രൂപ **2,05,03,982/-** (രണ്ട് കോടി അഞ്ച് ലക്ഷത്തി മൂവായിരത്തി തൊള്ളായിരത്തി എൺപത്തിരണ്ട് രൂപ) യും 21.04.2026 മുതലുള്ള പലിശയും മറ്റു ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിവരണം: തൃശ്ശൂർ ജില്ലയിൽ, തൃപ്രയാർ ഉപജില്ലയിൽ, ചാവക്കാട് താലൂക്കിൽ, വലപ്പാട് വില്ലേജിൽ, സർവ്വേ നം. 224/1-2 ൽ പെട്ട ശ്രീ ലത്തീഫ്, S/o ശ്രീ.അബ്ദുള്ള എന്നയാളുടെ പേരിലുള്ള 6.73 ആർസ് സ്ഥലവും അതിലിരിപ്പ് 278.70 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള ഇരുനില താമസയോഗ്യമായ കെട്ടിടവും (നം.7/144/B) അതിലുള്ള മറ്റ് സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം**: **വടക്ക്** തൊട്ടിൽ പറമ്പിൽ കുഞ്ഞയ്യപ്പൻ വക വസ്തു, **തെക്ക്** സ്വകാര്യവഴി, **കിഴക്ക്** കുഞ്ഞുണ്ണി റാഫിയമ്മ വക വസ്തു **പടിഞ്ഞാറ്** പഞ്ചായത്ത് റോഡ്.

കരുതൽ തുക: രൂപ 83.00 ലക്ഷം	നിരതദ്രവ്യ തുക: രൂപ 8.30 ലക്ഷം

ലേല ഉയർത്തൽ തുക: രൂപ 0.83 ലക്ഷം

വസ്തു പരിശോധനാ തീയതിയും സമയവും: 11.05.2026 രാവിലെ 10.00 മണിക്കും വൈകുന്നേരം 4.00 മണിക്കും ഇടയിൽ

ഇ–ലേലത്തിന്റെ തീയതിയും സമയവും:
18-05-2026 ന് രാവിലെ 10നും വൈകുന്നേരം 6നും മദ്ധ്യേ
(10 മിനിറ്റ് വീതം ഓട്ടോ ടൈം എക്സ്റ്റൻഷനോടുകൂടി വിൽപ്പന അവസാനിക്കുന്നത് വരെ)

താൽപര്യമുള്ള ലേലാർത്ഥിക്ക് ഇ – ലേലം അവസാനിക്കുന്നതിന് മുമ്പ് "BAANKNET" യിൽ പ്രീ ബിഡ്ഡ് ഇ.എം.ഡി. നിക്ഷേപിക്കാം. BAANKNET ന്റെ ബാങ്ക് അക്കൗണ്ടിൽ പണമടച്ചതിന് ശേഷവും ഇ – ലേല വെബ്സൈറ്റിൽ അത്തരം വിവരങ്ങൾ അപ്ഡേറ്റ് ചെയ്തതിന് ശേഷവും മാത്രമേ ലേലാർത്ഥിക്ക് പ്രീ ബിഡ്ഡ് ഇ.എം.ഡി. യുടെ ക്രെഡിറ്റ് നൽകൂ. ബാങ്കിംഗ് പ്രക്രിയ അനുസരിച്ച് ഇതിന് കുറച്ച് സമയമെടുത്തേക്കാം, അതിനാൽ ലേലാർത്ഥി അവരുടെ സ്വന്തം താൽപര്യപ്രകാരം അവസാന നിമിഷത്തിലെ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് പ്രീ ബിഡ്ഡ് ഇ. എം. ഡി. തുക മുൻകൂട്ടി സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.

ഇ – ലേലം ബാങ്ക് അംഗീകൃത സർവ്വീസ് പ്രൊവൈഡറുടെ വെബ്സൈറ്റായ "https://baanknet.com" വഴിയായിരിക്കും. ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ https://www.centralbankofindia.co.in & "https://baanknet.com" എന്നീ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക. ബിഡ്ഡ് "https://baanknet.com" ഇ– ലേല പോർട്ടലിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് "https://baanknet.com" & സെക്യൂർഡ് ക്രെഡിറ്ററുടെ www.centralbankofindia.co.in എന്നീ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യപ്പെടുന്നവർ ലോഗിൻ ഐഡിയും പാസ്സ് വേർഡും നേടേണ്ടതാണ്. ഡാറ്റ അപ്ലോഡ് ചെയ്യുന്നതിനും, ബിഡ്ഡ് സമർപ്പിക്കുന്നതിനും, ഇ – ലേല ട്രെയിനിങ്ങിനും മറ്റും support.BAANKNET@psballiance.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ഹെൽപ്പ് ഡെസ്ക് നം.8291220220 അല്ലെങ്കിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ശാഖാ നമ്പരുകളിലോ & അധികാരപ്പെട്ട ഉദ്യോഗസ്ഥൻ: 9300002844 ലോ ബന്ധപ്പെടുക.

സർഫേസി ആക്ട് 2002 ലെ റൂൾ 8 (6) പ്രകാരം 15 ദിവസത്തെ നോട്ടീസും കൂടിയാണിത്

സ്ഥലം: എറണാകുളം
തീയതി : 21.04.2026

(ഒപ്പ്) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

കാനറ ബാങ്ക്
ആമ്പല്ലൂർ ശാഖ
(ഫോൺ:0480 -2751665, 8281991401)

അറിയിപ്പ്

വരന്തരപ്പിള്ളി വില്ലേജ്, പാലക്കടെ വാസു മകൻ സന്തോഷ്കുമാർ പേർക്ക് കൊടാലി S.R.O.ലെ 2012 ലെ 1403–ാം നമ്പ്രാധാരപ്രകാരം സിദ്ധിച്ച വരന്തരപ്പിള്ളി വില്ലേജ് Sy. No.584/3-4ൽ 0.41 ഉം 584/3-5ൽ 7.89 ഉം 584/3-6 ൽ 2.99 ഉം 584/2-2 ൽ 2.41 ഉം ആർസ് വഹകളെ പണയപ്പെടുത്തി വായ്പ എടുക്കുന്നതിനായി ഈ ബാങ്കിൽ അപേക്ഷ തന്നിട്ടുണ്ട്. ടി വസ്തുവിന്റെ കീഴാധാരങ്ങളായ കൊടാലി S.R.O.ലെ 4066/2008, 1454/2008, നെല്ലായി S.R.O. ലെ 656/1977 നമ്പർ ആധാരങ്ങൾ തിരിച്ചു കിട്ടാനാകാത്തവിധം നഷ്ടപ്പെട്ടുപോയി എന്ന് അപേക്ഷകൻ അറിയിച്ചിട്ടുള്ളതാണ്. ടി ആധാരങ്ങൾ ആരുടെയെങ്കിലും കൈവശമുണ്ടെങ്കിലോ മേൽ പ്രകാരം ബാങ്കിലേക്ക് ഈടുതരുന്ന വസ്തുവിൽ ആർക്കെങ്കിലും എന്തെങ്കിലും അവകാശമുണ്ടെങ്കിലോ ഈ പരസ്യതീയതി മുതൽ 7 ദിവസത്തിനകം ബാങ്കിനെ രേഖാമൂലം അറിയിക്കേണ്ടതാണ്, അല്ലാത്തപക്ഷം മേൽപറഞ്ഞ വസ്തു പണയമായി സ്വീകരിച്ച് ബാങ്ക് വായ്പ നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

25-04-2026 — മാനേജർ

നോട്ടീസ്

മാർച്ച് 2024 വർഷത്തെ 23165535 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്.എസ്. എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

എന്ന്, **കൃഷ്ണ വിജയകുമാർ.പി**, പാലയ്ക്കൽ വീട്, വേഴേക്കാട്ടുക്കര, മുരിയാട്, പിൻ–680683, ഫോൺ : 9074449224.

നോട്ടീസ്

എന്റെ ഉടമസ്ഥതയിലും കൈവശത്തിലും തൃശ്ശൂർ ജില്ലയിൽ ടി താലൂക്കിൽ, മാന്ദാമംഗലം വില്ലേജിൽ സർവ്വേ നമ്പർ 277/PT2, 280/PT5, 278/PT8, 277/PT3, 278/PT7 ൽ ഉൾപ്പെട്ട 1 ഏക്കർ 5 സെന്റ് വസ്തു വഹകളുടെ ഒരിജിനൽ തീറാധാരം (കുട്ടനെല്ലൂർ S.R.O 2280/2021 നമ്പർ) 17. 04.2026 ൽ നഷ്ടപ്പെട്ടിട്ടുള്ളതാണ് കണ്ട് കിട്ടുന്നവർ എത്രയും പെട്ടെന്ന് എന്റെ പക്കലോ തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിലോ ഏൽപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്, **പ്രിയൻ A T**, അണ്ടിക്കോടൻ വീട്, മരോട്ടിച്ചാൽ പി.ഒ, തൃശ്ശൂർ ജില്ല, പിൻ–680014, ഫോൺ–8075449645

MANAPPURAM FINANCE LTD.
CIN: L65910KL1992PLC006623,
Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/05/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളെയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെ വരും തിയ്യതികളിൽ ലേലം ചെയ്യുന്നതാണ്. ലേലത്തിന്റെ സ്ഥലത്തിലും തിയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തിയ്യതിയിൽ അതാത് ലേലസ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതല്ല.

പണയങ്ങളുടെ ഷീറ്റ് ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ......

പാലക്കാട്, കൊങ്ങാട്, 0104900700780540,

മേൽപറഞ്ഞ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇനിപറയുന്നവ പാലിക്കേതാണ്: – താല്പര്യമുള്ള ലേലക്കാർ ലേലത്തിന്റെ അതേ ദിവസം EMD എന്ന നിലയിൽ രൂ. 10,000/- (വിജയിക്കാത്ത ലേലക്കാർക്ക് മടക്കി നൽകുന്നതാണ്) NEFT/RTGS മുഖേന സമർപ്പിക്കേതാണ്. ലേലക്കാർ സാധുവായ തിരിച്ചറിയൽ കാർഡ്/പാൻ കാർഡ് കൈവശം കരുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9072607147 എന്ന നമ്പറിൽ ബന്ധപ്പെടുക.

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
മണപ്പുറം ഫിനാൻസ് ലിമിറ്റഡ്.

പരസ്യം

KL-07-M-2075 എന്ന മോട്ടോർ കാറിന്റെ ഉടമസ്ഥനായ SHAFEEK RAHIMAN, S/o Arakal moosa, 24702(2), Arakkal manzil, Maithiri Nagar, Nurani, Palakkad 678004 ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി ഈ ആഫീസിൽ അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 07 ദിവസത്തിനകം പാലക്കാട് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

എന്ന്, R.T.O. പാലക്കാട്

പരസ്യം

എനിക്ക് ചേലക്കര രജിസ്ട്രി 2005ലെ 601 –ാം നമ്പർ ആധാരപ്രകാരം ചേലക്കോട് വില്ലേജിൽ റീ സർവ്വേ 500/4ൽ 1 ആർ 70 ച.മീ, റീ സർവ്വേ 500/4ൽ 4 ആർ 05 ച.മീ പറമ്പും പുരയും അടങ്ങിയ വഹകൾ തീറു സിദ്ധിച്ചിട്ടുള്ളതും എന്റെ കൈവശം നിന്നു വരുന്നതുമാകുന്നു. മേൽ നമ്പ്ര ആധാരത്തിൽ വിവരിച്ച 4 ആർ 05 ച.മീ വസ്തു വഹകളുടെ മുന്നാധാരമായ 2001ലെ 1521–ാം നമ്പ്ര തീറാധാരം തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടു പോയിട്ടുള്ളതാകുന്നു. അതിനാൽ നഷ്ടപ്പെട്ട ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി എടുത്തിട്ടുള്ളതുമാണ്. മേൽ നമ്പ്ര അസ്സൽ ആധാരവും സർട്ടിഫൈഡ് കോപ്പിയും വെച്ച് വായ്പ്പ എടുക്കുന്നതിനും, വഹകൾ കൈമാറ്റം ചെയ്യുന്നതിനും ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ഈ പരസ്യ തിയ്യതി മുതൽ 7 ദിവസത്തിനകം താഴെ കാണുന്ന വിലാസത്തിൽ രേഖാമൂലം വിവരം അറിയിക്കേണ്ടതും. അല്ലാത്തപക്ഷം അവധിക്ക് ശേഷം മേൽപറഞ്ഞ രേഖകൾ വെച്ച് വഹകൾ കൈമാറ്റം ചെയ്യുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, **ലക്ഷ്മിക്കുട്ടി**, W/o.നാരായണൻ, പുക്കുളങ്ങര ഹൗസ്, ചേലക്കോട്, പിൻ–680587

SBI — ഭാരതീയ സ്റ്റേറ്റ് ബാങ്ക്
സ്ട്രെസ്ഡ് അസറ്റ്സ് റിക്കവറി ശാഖ –II, എറണാകുളം, 40/947, 1–ാം നില, ആർ. എസ്. ബിൽഡിംഗ്, മെട്രോ പില്ലർ നം. 697 ന് സമീപം, മഹാരാജാസ് കോളേജ് ഗ്രൗണ്ടിന് എതിർവശം, എം.ജി.റോഡ് എറണാകുളം – 682011, Ph : 0484-2365341, E-mail: sbi.70683@sbi.co.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ – ലേല വിൽപ്പന നോട്ടീസ്.

ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാർ കുടിശ്ശിക തുക തിരിച്ചടയ്ക്കാത്തതിനാൽ താഴെ കൊടുത്തിട്ടുള്ള സ്ഥാവര വസ്തുക്കൾ **പ്രത്യക്ഷമായി കൈവശം** എടുത്തിട്ടുള്ളതാണെന്ന് വായ്പക്കാരെ/ജാമ്യക്കാരെ/പൊതുജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/ജാമ്യക്കാരിൽ നിന്നും ഭാരതീയ സ്റ്റേറ്റ് ബാങ്ക്, സ്ട്രെസ്ഡ് അസറ്റ്സ് റിക്കവറി ശാഖ –II, എറണാകുളത്തിന് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റു ചിലവുകളും വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ **"ഇപ്പോൾ എവിടെയാണോ" "എങ്ങനെയാണോ" "എതൊക്കെയാണോ"** എന്നതിന്റെ അടിസ്ഥാനത്തിൽ **13-05-2026** ന് വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

താൽപര്യമുള്ള ലേലാർത്ഥി ഇ- ലേല തീയതിക്ക് മുമ്പായി പ്രീ ബിഡ്ഡ് ഇം.എം.ഡി. പി.എസ്.ബി അലയൻസ്- ൽ നിക്ഷേപിക്കേണ്ടതാണ്.പി.എസ്.ബി അലയൻസ്- ന്റെ ബാങ്ക് അക്കൗണ്ടിൽ പ്രി- ബിഡ്ഡ് ഇം.എം.ഡി വരവു വെയ്ക്കപ്പെട്ടതിന് ശേഷം മാത്രം ലേലാർത്ഥിക്ക് ലേലത്തിൽ പങ്കെടുക്കാനാവൂ. അതിനാൽ ലേലാർത്ഥി അവരുടെ സ്വന്തം താൽപര്യപ്രകാരം അവസാന നിമിഷത്തിലെ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് പ്രീ ബിഡ്ഡ് ഇം.എം.ഡി. തുക മുൻകൂട്ടി സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.

വായ്പക്കാർ/ജാമ്യക്കാരുടെ പേരും മേൽവിലാസവും: **ശ്രീമതി. സിന്ധു ശ്രീബാലൻ**, W/o. ശ്രീബാലൻ, **ശ്രീ. ശ്രീബാലൻ വി. എസ്**, S/o ശങ്കരനാരായണൻ വി.ആർ, ഇരുവരും താമസം: വേലേക്കാട്ട് ഹൗസ്, സി.വി.സെന്ററിന് സമീപം, ചെന്ത്രാപ്പിന്നി പി.ഒ, തൃശ്ശൂർ- 680687

കുടിശ്ശിക തുക: 22-04-2026 ലെ രൂപ **21,57,368/-** (ഇരുപത്തി ഒന്ന് ലക്ഷത്തി അൻപത്തി ഏഴായിരത്തി മുന്നൂറ്റി അറുപത്തി എട്ട് രൂപ) യും പലിശയും മറ്റു ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിശദ വിവരണം: തൃപ്രയാർ സബ് രജിസ്ട്രാർ ആഫീസിൽ 11.07.1997 ലെ 1297/1997 –ാം നമ്പർ ഭാഗപത്രാധാര പ്രകാരവും 26.12.1997 ലെ 2411/1997 –ാം നമ്പർ റീ രജിസ്ട്രേഷൻ ആധാര പ്രകാരവും തൃശ്ശൂർ ജില്ല, തൃപ്രയാർ രജിസ്ട്രേഷൻ ഉപജില്ല, കൊടുങ്ങല്ലൂർ താലൂക്ക്, ചെന്ത്രാപ്പിന്നി വില്ലേജിൽ, ശ്രീ.ശ്രീബാലന്റെ പേരിലുള്ള സർവേ നം.148/1 ൽ പെട്ട 9.82 ആർ (24.25 സെന്റ്) സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും സർവ്വവിധ അവകാശങ്ങളും കൂടിയാകുന്നു. **നിലവിലെ പൊതു അതിരുകൾ: കിഴക്ക്** ചിറയത്ത് സുജാതൻ വക വസ്തു; **പടിഞ്ഞാറ്** വേലേക്കാട്ട് തിലകൻ വക വസ്തു; **വടക്ക്** പുലിപറമ്പിൽ ഹർഷൻ വക വസ്തു ; **തെക്ക്** വേലേക്കാട്ട് ശിവനന്ദൻ വക വസ്തു & വഴി.

ബാധ്യത: തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട സബ് കോടതിയുടെ 15-01-2025 തീയതിയിലെ ഫയലുകളിൽ OS 10/2025 IA 01/2025 ലെ ചില അറ്റാച്ചുമെന്റുകൾ (ബാധ്യത പ്രകാരം) ഉണ്ട്. എന്നിരുന്നാലും, മുകളിൽ പറഞ്ഞ എല്ലാ അറ്റാച്ചുമെന്റുകളും ബാങ്കിൽ വസ്തു പണയപ്പെടുത്തിയതിന് ശേഷമുള്ളതാണ്.

കരുതൽ വില: രൂപ 41,40,000/-	നിരതദ്രവ്യ തുക: രൂപ 4,14,000/-

ലേലം ബാങ്കിന്റെ അംഗീകൃത സേവനദാതാവിന്റെ https://baanknet.com വെബ് പോർട്ടൽ വഴി **13-05-2026 ന് രാവിലെ 11.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ. 5 മിനിട്ട്** ഇടവേളയോടുകൂടി ലേലം അവസാനിക്കുന്നത് വരെ ദീർഘിപ്പിക്കൽ. ലേല വർദ്ധന തുക: രൂപ 10,000/-.

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ വെബ് പോർട്ടൽ **https://sbi.co.in** ലെ ലിങ്ക് പരിശോധിക്കുക. കൂടാതെ **"https://baanknet.com"** എന്ന വെബ്സൈറ്റിലും വിശദാംശങ്ങൾ ലഭ്യമാണ്.

സ്ഥലം: എറണാകുളം
തീയതി: 22-04-2026

(ഒപ്പ്) ചീഫ് മാനേജർ / അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ഫോൺ : 9188901927, 9188901916, ഭാരതീയ സ്റ്റേറ്റ് ബാങ്ക്

കേരള സംസ്ഥാന ഭാഗ്യക്കുറി SUVARNA KERALAM SK-50 DRAW RESULT 24/04/2026

ഒന്നാം സമ്മാനം ₹1 കോടി **RW 211038** (എറണാകുളം)

സമാശ്വാസ സമ്മാനം ₹5000: RN 211038 RO 211038 RP 211038 RR 211038 RS 211038 RT 211038 RU 211038 RV 211038 RX 211038 RY 211038 RZ 211038

രണ്ടാം സമ്മാനം ₹30 ലക്ഷം RO 735760 (വൈക്കം)

മൂന്നാം സമ്മാനം ₹5 ലക്ഷം RS 285978 (ഇരിഞ്ഞാലക്കുട)

താഴെ കാണുന്ന നമ്പറുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0438 0451 0593 1159 2384 2410 2508 3192 3961 4012 4302 5922 6501 6692 7206 7646 8594 8948 9055

അഞ്ചാം സമ്മാനം ₹2000: 0887 1046 2294 3732 3944 4555

ആറാം സമ്മാനം ₹1000: 0411 1328 1836 1941 1999 2734 3191 5280 5424 5519 5525 5544 6214 6866 7595 7608 7777 7857 8087 8919 9039 9491 9641 9793 9891

ഏഴാം സമ്മാനം ₹500: 0002 0698 0792 1016 1057 1255 1316 1400 2028 2179 2201 2287 2569 2648 2807 2845 2957 3047 3250 3500 3565 3668 3725 3837 3915 3922 3934 3952 4369 4582 4594 4644 4680 4726 4890 4946 4968 5004 5056 5350 5695 5772 5830 6054 6126 6131 6192 6511 6631 6872 6874 7013 7303 7537 7664 7768 7835 8187 8397 8403 8481 8516 8604 8679 8721 8875 8998 9051 9099 9156 9467 9709 9711 9739 9898 9940

എട്ടാം സമ്മാനം ₹200: 0035 0039 0198 0222 0305 0686 0971 1297 1350 1353 1543 1546 1586 1667 1693 1716 1728 1880 2164 2349 2369 2387 2564 2642 2733 2761 2865 3171 3198 3297 3303 3305 3306 3578 3679 3799 3815 3828 3829 3857 4180 4509 4612 4629 4651 4674 4787 4805 4908 5122 5218 5384 5426 5535 5740 5784 6088 6099 6288 6496 6613 6645 6691 6856 6858 6884 6942 6947 7086 7118 7405 7708 7757 8364 8372 8672 8793 8909 8993 9147 9226 9320 9380 9412 9514 9617 9664 9733 9754 9950 9997 9999

ഒൻപതാം സമ്മാനം ₹100: 0023 0258 0318 0450 0510 0544 0555 0578 0633 0882 1109 1112 1309 1548 1634 1665 1680 1769 1892 1942 1971 2063 2155 2177 2319 2322 2448 2472 2527 2532 2779 2791 2805 2843 2903 2948 2951 3027 3086 3187 3217 3233 3252 3437 3472 3487 3502 3532 3576 3615 3681 3692 3729 3780 3804 3907 4049 4159 4227 4327 4340 4351 4405 4534 4592 4767 5003 5071 5087 5190 5318 5362 5382 5411 5518 5568 5646 5819 5874 5989 6053 6068 6133 6634 6670 6734 6749 6815 6849 6868 6906 6999 7229 7234 7275 7343 7423 7439 7480 7491 7515 7582 7676 7874 7887 8021 8075 8107 8199 8238 8255 8285 8305 8402 8428 8444 8456 8529 8615 8628 8684 8720 8791 8799 8819 8935 9033 9059 9070 9133 9353 9394 9421 9499 9540 9590 9608 9640 9744 9746 9797 9800 9809 9820

www.statelottery.kerala.gov.in